**പതിനാലാം കേരളനിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3952 24.08.2017 ന് മറുപടിയ്ക്ക്.

**ജനവാസകേന്ദ്രങ്ങളിലെ കാട്ടാന ശല്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.രാമചന്ദ്രൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനമേഖല കുറഞ്ഞതും വനത്തിനുള്ളിലെ ആവാസവ്യവസ്ഥയ്ക്ക് മാറ്റം വന്നതും കാട്ടാനകൾ നാട്ടിലിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്നതിന് കാരണമായിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനും വനം കയ്യേറ്റം നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ; | (എ) വനമേഖല കുറഞ്ഞതും വനത്തിനുള്ളിലെ ആവാസവ്യവസ്ഥയ്ക്ക് മാറ്റം വന്നതും കാട്ടാനകൾ നാട്ടിലിറങ്ങി നാശനഷ്ടങ്ങളുണ്ടാക്കുന്നതിനുള്ള കാരണങ്ങളിൽപ്പെടുന്നുണ്ട്. ഇതു പരിഹരിക്കുന്നതിനായി വനത്തിനകത്ത് ഫലവൃക്ഷതൈകൾ വച്ചു പിടിപ്പിച്ചും, ജലസ്രോതസ്സുകൾ പരിപാലിച്ചും കാട്ടാനകളുടെ ആവാസവ്യവസ്ഥ പരിപോഷിപ്പിച്ചും വരുന്നു. നിലവിൽ വനം കയ്യേറ്റം നിയന്ത്രണത്തിലാണ്. വനം കയ്യേറ്റം നിയന്ത്രിക്കുന്നതിന് സംരക്ഷണ വനപ്രദേശങ്ങൾക്കു ചുറ്റും ജണ്ടകൾ സ്ഥാപിക്കുകയും പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. |
| (ബി) വനമേഖലയോട് ചേർന്ന കൃഷിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിന് നിർമ്മിച്ചിട്ടുള്ള വൈദ്യുതവേലിയിൽ തട്ടി കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യജീവികൾ മരണമടയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വൈദ്യുതിവേലിയിൽ വന്യജീവികളുടെ മരണത്തിന് കാരണമാകുന്ന അളവിൽ വൈദ്യുതി പ്രവഹിപ്പിക്കുന്നത് കുറ്റകരമാണ്. ഇത്തരത്തിൽ വന്യജീവികളുടെ മരണം സംഭവിച്ചാൽ ഉത്തരവാദികളായവർക്കെതിരെ 1972-ലെ വന്യജീവി (സംരക്ഷണ) ആക്റ്റ് പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ